"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയിൽ നാഷണൽ ആയുഷ് മിഷന്റെ 'കാരുണ്യ' പദ്ധതിയിൽ ഉൾപ്പെടുത്തി ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.23/2024/AYUSH തീയതി, തിരുവനന്തപുരം, 19-09-2024

---

പരാമർശം:- ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 20/02/2024, 16/04/2024 എന്നീ തീയതികളിലെ ഡിഎച്ച്റ്റിവിഎം/250/2023-പി1 - നമ്പർ കത്തുകൾ.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയിൽ നാഷണൽ ആയുഷ് മിഷന്റെ 'കാരുണ്യ' പദ്ധതിയിൽ ഉൾപ്പെടുത്തി ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്നാവശ്യപ്പെട്ട് ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഡിസ്പെൻസറി തുടങ്ങുന്നതിനാവശ്യമായ മെഡിക്കലാഫീസർ, ഫാർമസിസ്റ്റ് എന്നിവരെ നാഷണൽ ആയുഷ് മിഷൻ നിയമിക്കുന്നതാണെന്നും, ഒരു സാനിട്ടറി വർക്കറെ നിയമിക്കുന്നതിന് മുനിസിപ്പാലിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, പ്രതിമാസം 12,000/- (പന്ത്രണ്ടായിരം രൂപ) രൂപ വാടകയ്ക്ക് മുനിസിപ്പാലിറ്റി കെട്ടിട സൗകര്യം ഒരുക്കിയിട്ടുണ്ടെന്നും, ഈ വാടകതുക മുനിസിപ്പാലിറ്റി ഫണ്ടിൽ നിന്നും നൽകുന്നതാണെന്നും ആയതിനാൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഒന്നുംതന്നെ ഉണ്ടാകുന്നില്ലായെന്നും ഹോമിയോപ്പതി വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ പരാമർശകത്തിലെ വസ്തുതകളുടെ വെളിച്ചത്തിൽ, സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയൊന്നും ഉണ്ടാകുന്നില്ലായെന്ന വ്യവസ്ഥയിൽ എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയിൽ നാഷണൽ ആയുഷ് മിഷന്റെ 'കാരുണ്യ' പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ, തിരുവനന്തപുരം.
2. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), എറണാകുളം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. പൊതുഭരണ (എസ്.സി) വകുപ്പ്
6. ധനകാര്യ (ഹെൽത്ത്-എ) വകുപ്പ് (08/07/2024-ലെ 2657397/HLT-A3/1/2024-FIN-നമ്പർ കുറിപ്പ് പ്രകാരം)

7. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ശേഖരം / ഓഫീസ് പകർപ്പ്. (ആയുഷ്-സി2/256/2023-ആയുഷ്)

ഉത്തരവിൻ പ്രകാരം,

Signed by
Baiju G
Date: 19-09-2024 14:23:24
സെക്ഷൻ ഓഫീസർ.

പകർപ്പ്:-

(1) ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

(2) ബഹു. ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്